# കത്തുകൾ

## വേദനയുടെ അടിസ്ഥാനം

വേദനയുടെ രഹസ്യവും ആത്മബോധത്തിന്റെ അടിസ്ഥാനവും അജ്ഞാതമാണെന്ന് ഡോ.കെ.ഭാസ്കരൻനായർ അവകാശപ്പെടുന്നു. ഇതിൽരണ്ടാമത്തെ കാര്യത്തെപ്പററി എനിക്കൊന്നുമറിയില്ല. എന്നാൽ വേദനയുടെ രഹസ്യം തീരെ അജ്ഞാതമാണെന്നു തോന്നുന്നില്ല. രമണ മഹർഷിയെപ്പോലെ മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ വേദന തോന്നുകയില്ലെന്നത് സത്യം തന്നെ. മസ്തിഷ്കത്തിൽ നിർമിക്കപ്പെടുന്ന 'എൻകഫലിൻ' 'എൻസോർഫിൻ' തുടങ്ങിയ അമിനോ അമ്ലങ്ങളാണ് ഇങ്ങനെ വേദനയെ ശമിപ്പിക്കുന്നതെന്ന് അടുത്ത കാലത്ത് തെളിയിക്കപ്പെട്ട വസ്തുതയാണ്. ചൈനക്കാരുടെ അക്യുപങ്ച്ചർ ചികിത്സാരീതിയിൽ, ചില മർമസ്ഥാനങ്ങളിൽ സൂചികൊണ്ട് കുത്തി വേദന ഇല്ലാതാക്കുകയാണ്. ഇങ്ങനെ ചെയ്യുമ്പോൾ തലച്ചോറിനെ ഉത്തേജിപ്പിച്ച് എൻസോർഫിന്റെ നിർമാണത്തിന് വഴിയൊരുക്കുകയാണ് ചെയ്യുന്നതെന്ന് ടൊറൻടോ സർവകലാശാലയിലെബ്രൂസ്–എം പോമറാൻസ് പൂച്ചകളിൽ നടത്തിയ പരീക്ഷണത്തിലൂടെ തെളിയിച്ചിട്ടുണ്ട്. മാത്രമല്ല എൻസോർഫിന്റെ പ്രവർത്തനത്തെ നിഷ്ക്രിയമാക്കുന്ന അലക്സോൺ കുത്തിവെച്ചാൽ, അക്യുപങ്ചറിന് ഫലമില്ലാതാവുന്നുവെന്നും അദ്ദേഹം തെളിയിച്ചിട്ടുണ്ട്.

''മനസ്സിന്റെ അസ്തിത്വത്തിനു തെളിവ് നാഡീവ്യൂഹമാണ്. എങ്കിൽ മനുഷ്യന്റേതുപോലെ തന്നെ സങ്കീർണമായ നാഡീവ്യൂഹമുള്ള ഒക്ടോപ്പസ്സിനും മനസ്സുണ്ടെന്നു പറയുന്നതു ശരിയാണോ?'' എന്നു ലേഖകൻ ചോദിക്കുന്നു. മനസ്സ് എന്താണെന്ന് നിർവചിക്കാതെയുള്ള ഈ ചോദ്യത്തിന് അർത്ഥമില്ല. സംസാരഭാഷയുടെ അസ്തിത്വത്തിന് തെളിവ് നാവാണ്. മനുഷ്യന്റേതുപോലെ ശുനകനും നാവുണ്ട്. അതിനാൽ ശുനകന് സംസാരഭാഷയുണ്ടെന്ന് പറയുന്നത് ശരിയായിരിക്കുമോ എന്നു ചോദിക്കുന്നതിനു തുല്യമാണിത്.

'നാഡീവ്യൂഹമാണ് ജീവിതചേഷ്ടകളെ നിയന്ത്രിക്കുന്നത് എന്ന ഉപദർശനത്തിന് അടുത്തകാലത്തായി അല്പമൊരു ഇളക്കം തട്ടിയതുപോലെ തോന്നുന്നു'' എന്ന് ലേഖകൻ അവകാശപ്പെടുന്നു. ഇവിടെ ജീവിതചേഷ്ട എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്. നാഡീവ്യൂഹം നശിപ്പിക്കപ്പെട്ട ഹൈഡ്ര, ഭക്ഷണം കൊടുത്താൽ ദഹിപ്പിയ്ക്കുന്നു. പക്ഷേ, അതിന് അനങ്ങാൻ വയ്യ. വിസർജിക്കാൻ പോലും വയ്യ. പിന്നെ എന്താണ് ജീവിതചേഷ്ട? ഭക്ഷണം ദഹിപ്പിക്കൽ മാത്രമാണോ? അങ്ങനെയെങ്കിൽ നാഡീവ്യൂഹമേ ഇല്ലാത്ത അമീബ പോലുള്ള എത്രതരം ജീവികൾ ഭക്ഷണം കഴിക്കുകുയും ജീവിക്കുകയും ചെയ്യുന്നു. തൊട്ടാലറിയുക എന്നത് ജീവിതചേഷ്ടയിൽ പെടുമെങ്കിൽ, നാഡീവ്യൂഹം നഷ്ടപ്പെട്ടാൽ അങ്ങനെ തോന്നുകയില്ല എന്നത് സ്പഷ്ടമാണ്.

''സയൻസും അതിനെ വെറും ഭൗതികവാദമായി തരം താഴ്ത്തിയ ഭുവന ഭോഗങ്ങൾക്കും ഉപകരണമാക്കിയ പാശ്ചാത്യ സംസ്കാരവും മനുഷ്യരാശിയെ ഭയാനകമായ ഒരു വ്യാമോഹത്തിൽ വീഴ്ത്തിയിരിക്കുന്നു.'' ഈ അഭിപ്രായം കൊണ്ട് സയൻസും പാശ്ചാത്യസംസ്കാരവും അപകടകാരിയാണെന്ന് ലേഖകൻ വിശ്വസിക്കുന്നതായി തോന്നുന്നു. ഏട്ടിലെ പശുവായി മാത്രം നിന്ന റുഥർഫോർഡിന്റെ പരീക്ഷണങ്ങളെ പുല്ലു തീററിച്ചത് അമേരിക്കയുടെ മഹോദ്യമമാണെന്നും അദ്ദേഹം അവകാശപ്പെടുന്നു. അപ്പോൾ പാശ്ചാത്യസംസ്കാരത്തിലും മഹത്തരമായ ചിലതുണ്ട്. ഇല്ലേ? സയൻസ്, ടെക്നോളജി തുടങ്ങിയ വാക്കുകൾ കേൾക്കുമ്പോൾ തന്നെ, ശാസ്ത്രജ്ഞനായ ലേഖകന് ദേഷ്യമാണ്. സയൻസും ഒരു സത്യാന്വേഷണമല്ലേ? ''ഞാനും എന്റെ മാർഗവും മാത്രം സത്യം, മററുള്ളതെല്ലാം മിഥ്യ, വെറും അന്ധവിശ്വാസം'' എന്ന നിലപാട് ഏതു രംഗത്തായാലും ഒരു മത ഭ്രാന്തുതന്നെയാണ്. എന്ന ലേഖകന്റെ അഭിപ്രായം വളരെ ശരിയാണ്. മതത്തിന്റെ മാർഗത്തിലും ശാസ്ത്രത്തിന്റെ മാർഗത്തിലും സത്യമുണ്ട്. ആർഷ സംസ്കാരത്തിലും പാശ്ചാത്യസംസ്കാരത്തിലും മഹത്വമുണ്ട്. ദോഷങ്ങളുമുണ്ടാകാം. ശാസ്ത്രവും മതവുമെല്ലാം മനുഷ്യന്റെ നന്മയ്ക്കല്ലേ? രണ്ടിനേയും വ്യഭിചരിപ്പിക്കുന്നവരും ദുരുപയോഗപ്പെടുത്തുന്നവരും ഉണ്ട്.

നോബൽ ശാസ്ത്രജ്ഞനായ അബ്ദുസ്സലാം, പറഞ്ഞതുപോലെ നമ്മുടെ വിശ്വാസത്തേയും ശാസ്ത്രത്തേയും കൂട്ടിക്കുഴയ്ക്കാതിരുന്നു കൂടെ?

—കെ. എം. ഉണ്ണികൃഷ്ണൻ.
ചേവായൂർ.

## ഒരു മറുപടി

ഡോ: കെ. ഭാസ്കരൻനായരുടെ ലേഖനത്തിന് ശ്രീ ഉണ്ണികൃഷ്ണൻ ചേവായൂർ എഴുതിയ ഖണ്ഡനലേഖനം വായിച്ചു.

വളരെ ചെറുപ്പം മുതൽ ഡോ: കെ.ഭാസ്കരൻനായരുടെ ലേഖനങ്ങൾ വായിക്കുന്ന ഒരാൾക്ക്, അക്കാദമിക് ശാസ്ത്രജ്ഞന്മാരുടെ രീതിയിൽ നിന്നും വേറിട്ട് നില്ക്കുന്ന മാനവീയതയുടെശബ്ദം അവയിൽ എന്നും ഉണ്ടായിരുന്നു എന്നു മനസ്സിലാകാം.

ഒക്ടോപ്പസിന്നു നാഡീവ്യൂഹമുണ്ട്. അതിന് അതിന്റേതായ മനസ്സ് (?) കാണില്ലേ? മനസ്സ് എന്ന കടംകഥയെ മനുഷ്യന്റെ യാന്ത്രികതയുടെയും അമിനോ അമ്ലങ്ങളുടേയും ജീൻ ചങ്ങലകളുടേയും തലത്തിൽ നിന്ന് ചിന്തിക്കുന്ന ഒരാൾക്ക് മാത്രമേ ശുനകന്റെ നാവ് ഉദാഹരണം പറയാൻ കഴിയൂ. നാക്ക് സംസാരത്തിനാണെന്ന് ആരു നിശ്ചയിച്ചു? ശ്വാവു ശബ്ദത്തിലൂടെ ആശയവിനിമയം നടത്തുന്നില്ലെന്നതിന് തെളിവുകളുണ്ടോ?

ജീവിതം ഭാസുരമാക്കുന്നതിന് മതവും ഇസങ്ങളും പ്രത്യയശാസ്ത്രങ്ങളും സയൻസും നല്കിയ അറിവിന്റെ, വെളിച്ചത്തിന്റെ ഇരകളാണല്ലൊ നാമിന്ന്. തലശ്ശേരിയിൽ മനുഷ്യൻ വെട്ടിമുറിക്കപ്പെടുന്നതും നാസി തടങ്കൽ പാളയങ്ങളിൽ ബുൾഡോസർ ഉരുണ്ടതും ഇസങ്ങളുടേയും പ്രത്യയശാസ്ത്രങ്ങളുടേയും വിജയമാണ്. ആർക്കുവേണ്ടി? മഹായുദ്ധങ്ങളിൽ വെടിയേററ്, വിഷവാതകമേററ്, അണുപ്രസരമേററ് ആയിരങ്ങൾ മരിച്ചത് സയൻസിന്റെ വിജയമാണ്—എന്തിനുവേണ്ടി?

ആഹാരത്തിനുവേണ്ടിയോ, മാനം കാക്കാൻ വേണ്ടിയോ, അടിസ്ഥാന നിലനില്പിനുവേണ്ടിയോ അല്ല.

അന്തമാൻ ദ്വീപുകളിലെ ആദിവാസികൾക്ക് നാണം മറയ്ക്കാൻ ഒരു തുണ്ട് തുണി കൊടുക്കാൻ ഇന്നുവരെയുണ്ടായ പുരോഗതികൾക്ക് കഴിഞ്ഞിട്ടില്ല. പട്ടിണിയുടെ, പകർച്ചവ്യാധികളുടെ, മാരകരോഗങ്ങളുടെ പിടിയിൽ നിന്ന് ലോകജന സംഖ്യയുടെ പത്തു ശതമാനത്തിന് പോലും സുരക്ഷയുടെ ഉറപ്പു കൊടുക്കാൻ കഴിഞ്ഞിട്ടില്ല.

ഇന്ത്യയുടെ ഒരു വർഷത്തെ പ്രതിരോധച്ചെലവ് കാർഷികമേഖലയിൽ തിരിച്ചുവിടാൻ കഴിഞ്ഞാൽ മതി ഇവിടുത്തെ പട്ടിണി ശാശ്വതമായി പരിഹരിക്കാം.

പരിഷ്കാരവും ശാസ്ത്രവും ടെക്നോളജിയും നല്ലതാണ്. വയർ നിറഞ്ഞിട്ട്, മരണഭയമില്ലാതെ ഉറങ്ങാൻ കഴിഞ്ഞിട്ട് പോരെ—

—കെ. ജി. രാജൻ.
മാവേലിക്കര

Digitized by Kerala Sahitya Akademi